പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3338 — 14.03.2018 ൽ മറുപടിക്ക്

## ആരോഗ്യവകുപ്പിലെ സ്റ്റാഫ് പാറ്റേൺ

| | ചോദ്യം<br>ശ്രീ.കെ.മുരളീധരൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിൽ നിലവിൽ 1961 ലെ സ്റ്റാഫ് പാറ്റേണാണോ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ)<br>&<br>(ബി) | 02.08.1961 ലെ ജി.ഒ.(ആർ.ടി.)നം.3150/61/ആ.കു.വ പ്രകാരമാണ് സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ വന്നത്. ഈ സ്റ്റാഫ് പാറ്റേൺ ഐ.പി.വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനു ശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ധാരാളം ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനു ശേഷം 2008-ൽ സ്റ്റാന്റൈഡെസേഷന്റെ ഭാഗമായി 06.11.2008-ലെ ജി.ഒ.(എം.എസ്) നം.568/08/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് പാറ്റേൺ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ലെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആർദ്രം പദ്ധതിയിലൂടെ ഇതിനോടകം മൊത്തം 1721 തസ്തികകളും ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ജനസംഖ്യാവർദ്ധനവിന് ആനുപാതികമായി ആരോഗ്യ സ്ഥാപനങ്ങളിൽ ഒ.പി യുടെയും, ഐ.പി. യുടെയും എണ്ണത്തിലുണ്ടായ വർദ്ധനവിന് ആനുപാതികമായി ജീവനക്കാരെ നിയമിക്കാത്തത് കൊണ്ട് രോഗികൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുവാൻ കഴിയുന്നില്ലായെന്നത് വസ്തുതയല്ലേ; വ്യക്തമാക്കുമോ ; | | |
| (സി) | സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഡി.പി.സി. കൂടാത്തതിനാൽ അർഹമായ ഉദ്യോഗക്കയറ്റം ലഭിക്കാതെ ഹെൽത്ത്സർവ്വീസിൽ നിന്നും ജീവനക്കാർ വിരമിക്കേണ്ട സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, ജില്ലാ ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ സീനിയോറിറ്റി തർക്കവുമായി ബന്ധപ്പെട്ട് കേസുകൾ നിലനിൽക്കുന്നതിനാൽ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിൽ നിന്നും ഡി.പി.സി. കൂടി അർഹരായവരെ സ്റ്റോർ സൂപ്രണ്ടായി പ്രമോഷൻ നൽകുന്നതിനും, ജില്ലാ ലാബ് ടെക്നീഷ്യൻ തസ്തികയിൽ നിന്നും ഡി.പി.സി കൂടി അർഹരായവരെ ജൂനിയർ സയന്റിഫിക് ആഫീസറായി പ്രൊമോഷൻ നൽകുന്നതിനും കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| (ഡി) | ആരോഗ്യ വകുപ്പിൽ ജീവനക്കാർക്ക് സമയബന്ധിതമായി പ്രമോഷൻ നൽകുന്നതിനും, രോഗികളുടെ എണ്ണത്തിന് ആനുപാതികമായി തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | ഈ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിനു കീഴിൽ ആകെ മൊത്തം 4271 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി 1721 തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ